**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2340 **17.08.2017**-ലെ മറുപടിക്ക്

**കല്ല്യാശ്ശേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസനപദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ ഗ്രാമ വികസനപദ്ധതി പ്രകാരം കല്ല്യാശ്ശേരി മണ്ഡലത്തിൽ നിന്നും ഉൾപ്പെടുത്തിയ പുഞ്ചവയൽ, വെടിയപ്പൻചാൽ കോളനികളുടെ വികസന പ്രവർത്തനങ്ങൾക്ക് എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (എ) | അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം കല്ല്യാശ്ശേരി മണ്ഡലത്തിൽ നിന്നും ആദ്യ ഘട്ടത്തിൽ തെരെഞ്ഞെടുത്ത പുഞ്ചവയൽ പട്ടികജാതി കോളനിയുടെ വികസന പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപ അനുവദിക്കുകയും ഒന്നാം ഗഡുവായി 50 ലക്ഷം രൂപ നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നൽകിയിട്ടുമുണ്ട്. രണ്ടാമതായി ബഹു.എം.എൽ.എ. തെരെഞ്ഞെടുത്തു നൽകിയ വെടിയപ്പൻചാൽ കോളനിയ്ക്ക് അംഗീകാരം നൽകി വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ